**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1501** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റലിന് അദാലത്തുകൾ നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | അദാലത്തുകൾ നടത്തി ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ലഭിച്ച 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതും സൗജന്യ തരംമാറ്റത്തിന് അർഹമായ ഫോറം 6 ഓൺലൈൻ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന്റെ ഭാഗമായി 15.01.2024 മുതൽ 17.02.2024 വരെ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ, 2024 ഒക്ടോബർ 25 മുതൽ നവംബർ 15 വരെയുള്ള കാലയളവിൽ താലൂക്ക് തലത്തിൽ ഫോറം 5, ഫോറം 6 അപേക്ഷകൾ തീർപ്പാക്കുന്നതിന്, അദാലത്തുകൾ നടത്തുവാൻ തീരുമാനിക്കുകയും, അദാലത്ത് സംബന്ധിച്ച് 28-09-2024-ലെ REV-P1/595/2024-REV സർക്കുലറിലൂടെ ആവശ്യമായ നിർദ്ദേശം നല്കുകയും ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം അദാലത്ത് തീയതികൾ നിശ്ചയിച്ച് ടി അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഭൂമി തരം മാറ്റലിനായി ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളവയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ ഇനിയും തീർപ്പാക്കുവാൻ ശേഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത്തരം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ? | (സി) | ഫോറം 5, ഫോറം 6 അപേക്ഷകൾ തീർപ്പാക്കുന്നതിന്, താലൂക്ക് തലത്തിൽ 2024 ഒക്ടോബർ 25 മുതൽ നവംബർ 15 വരെ അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അദാലത്ത് സംബന്ധിച്ച് 28-09-2024-ലെ REV-P1/595/2024-REV സർക്കുലറിലൂടെ ആവശ്യമായ നിർദ്ദേശം നല്കുകയും ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം അദാലത്ത് തീയതികൾ നിശ്ചയിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, നിശ്ചിത ഇടവേളകളിൽ മന്ത്രി/ പ്രിൻസിപ്പൽ |

| | | | |
|---|---|---|---|
| | | | സെക്രട്ടറി/ ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി അവലോകനം നടത്തി, ആവശ്യമായ നിർദ്ദേശം നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.REV-P1/595/2024-REV

റവന്യൂ (പി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28-09-2024

## സർക്കുലർ

വിഷയം:- കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരം മാറ്റ അപേക്ഷകളുടെ അദാലത്ത് - നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് .

***********************

സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തരം മാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 25 സെന്റ് വരെയുള്ള ഫോറം 5, ഫോറം 6 അപേക്ഷകൾക്കായി താലൂക്ക് തല അദാലത്തുകൾ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്.ബഹു.റവന്യൂ മന്ത്രി, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, എന്നിവർ പരമാവധി അദാലത്തുകളിൽ പങ്കെടുക്കുന്നതാണ്.

മേൽ അദാലത്തുകൾ നടത്തുന്നതിലേക്കായി ചുവടെ ചേർത്ത പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അദാലത്തുകൾ ഒക്ടോബർ 25 മുതൽ നവംബർ 15 വരെ താലൂക്ക് കേന്ദ്രങ്ങളിൽ വെച്ച് നടത്തേണ്ടതാണ്.
2. ആഗസ്റ്റ് 31 വരെ ലഭ്യമായ 25 സെന്റ് വരെയുള്ള ഫോറം 5, ഫോറം 6 അപേക്ഷകൾ അദാലത്തിൽ പരിഗണിക്കേണ്ടതാണ്.
3. താലൂക്കടിസ്ഥാനത്തിലും വില്ലേജ് അടിസ്ഥാനത്തിലും ഫോറം 5, ഫോറം 6 എന്നിവ ലഭ്യമാകത്തക്ക വിധം സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം സംസ്ഥാന ഐടി സെൽ മുഖേന ഒരാഴ്ച്ക്കുള്ളിൽ പൂർത്തീകരിക്കണം. ഇപ്രകാരം അദാലത്തിന് പരിഗണിക്കുന്ന അപേക്ഷകളുടെ ലിസ്റ്റ് പ്രത്യേകം ലഭ്യമാക്കണ്ടതാണ്.
4. നൂറിൽ കൂടുതൽ അപേക്ഷകൾ ഉള്ള വില്ലേജുകളുടെ മേൽനോട്ട ചുമതല ഡെപ്യൂട്ടി തഹസിൽദാർക്ക് നൽകേണ്ടതാണ്.
5. ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലായിരിക്കണം അദാലത്തുകൾ നടത്തേണ്ടത്. അദാലത്തിൽ താലൂക്കിലെ എല്ലാ വില്ലേജ് ഓഫീസർമാരും പങ്കെടുക്കേണ്ടതാണ്.
6. അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ 25-ന് നടത്തണം.

താലൂക്ക് തലത്തിൽ ഉദ്ഘാടനങ്ങൾ ആവശ്യമില്ല. എന്നാൽ പ്രസ്തുത സ്ഥലത്തെ ജനപ്രതിനിധികളെ അറിയിക്കുകയും അദാലത്തിലേക്ക് ക്ഷണിക്കുകയും ചെയ്യേണ്ടതാണ്.

7. അദാലത്ത് സംബന്ധിച്ച വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിന് വ്യാപക പ്രചരണം നടത്തണം. എല്ലാ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും, കളക്ടേറ്റ്, ആർഡിഒ ഓഫീസുകളിലും അദാലത്ത് വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡ് **30.09.2024**-ന് മുൻപായി പ്രദർശിപ്പിക്കണം. ഇതിനായി പൊതു മാതൃക തയ്യാറാക്കുന്നതിനും, സോഷ്യൽ മീഡിയയിൽ അടക്കം പ്രചരണങ്ങൾ നടത്തുന്നതിനും റവന്യൂ ഇൻഫർമേഷൻ ബ്യൂറോയെ ചുമതലപ്പെടുത്തേണ്ടതാണ്.
8. താലൂക്ക് തല അദാലത്തുകളുടെ ഷെഡ്യൂൾ ലാന്റ് റവന്യൂ കമ്മീഷണർ തയ്യാറാക്കി **30.09.2024**-ന് മുൻപായി സർക്കാരിൽ എത്തിക്കേണ്ടതാണ്.
9. വില്ലേജ് തലത്തിലുള്ള ഫോറം **5**-ന്റെ പരിശോധന ബന്ധപ്പെട്ട കൃഷി ഓഫീസറേയും കൂട്ടി നടത്തേണ്ടതും അദാലത്തിൽ കൃഷി ഓഫീസറുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതുമാണ്.
10. അദാലത്തിൽ അനുവദിക്കുന്ന ഫോറം **6** അപേക്ഷകളുടെ **27**(സി) പ്രകാരമുള്ള നടപടികളും അന്നേ ദിവസം പൂർത്തീകരിക്കേണ്ടതാണ്.
11. വില്ലേജ് ഓഫീസർമാർ സ്ഥല പരിശോധന നടത്തുമ്പോൾ അദാലത്തിൽ പരിഗണിക്കുന്ന അപേക്ഷകളിൽ മുൻഗണനാ ക്രമം ഒഴിവാക്കി മേഖല തിരിച്ച് ക്രമീകരിച്ച ശേഷം പരിശോധന നടത്തേണ്ടതാണ്.
12. കഴിഞ്ഞ അദാലത്തിൽ ഏർപ്പെടുത്തിയ മാതൃകയിൽ അദാലത്തിൽ ഹാജരാകുന്നതിന് മൊബൈൽ സന്ദേശങ്ങൾ അപേക്ഷകർക്ക് അയക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

1) ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2) ജില്ലാ കളക്ടർമാർ (14 ജില്ലകൾ)
3) എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
4)എല്ലാ തഹസിൽദാർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന )
5)എല്ലാ വില്ലേജ് ഓഫീസർമാർക്കും ((ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന )
6)പ്രിൻസിപ്പൽ സെക്രട്ടറി ,കൃഷി വകുപ്പ്
7)പ്രിൻസിപ്പൽ ഡയറക്ടർ, കൃഷി വകുപ്പ്
8)എല്ലാ കൃഷി ഓഫീസർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ, കൃഷി വകുപ്പ് മുഖേന )
9) വിവരവും പൊതുജനസമ്പർക്കവും വകുപ്പ് (വ്യാപക പ്രചാരണത്തിന്)
10)കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeesh Kumar M K
Date: 28-09-2024 17:56:29

സെക്ഷൻ ഓഫീസർ.

പകർപ്പ്

ബഹു: റവന്യൂ വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

<u>അനുബന്ധം</u>

| ആകെ ലഭിച്ച ഓഫ് ലൈൻ അപേക്ഷകൾ (09.01.2022 വരെ) | തീർപ്പാക്കിയ ഓഫ് ലൈൻ അപേക്ഷകൾ (30.09.2024 വരെ) | പെന്റിംഗ് അപേക്ഷകൾ | ആകെ ലഭിച്ച ഓൺലൈൻ അപേക്ഷകൾ (10.01.2022 മുതൽ 30.09.2024 വരെ) | തീർപ്പാക്കിയ ഓൺലൈൻ അപേക്ഷകൾ (30.09.2024 വരെ) | പെന്റിംഗ് അപേക്ഷകൾ |
|---|---|---|---|---|---|
| 226901 | 223254 | 3647 | 490044 | 205535 | 284509 |